


ഗാന്ധിഭവൻ സെക്രട്ടറി
ഡോ. പുനലൂർ സോമരാജൻ
അറുപതിന്റെ നിറവിൽ...



**ഉമ്മന്നൂർ ഗോപാലകൃഷ്ണൻ**



# സോമഹംസം

അറുപതാണ്ടുകൾ നീറിത്തെളിഞ്ഞ തീ
കറുക നാമ്പിലെ സൂര്യപ്രഭാവരം
വറുതി താളിച്ചുണർത്തിയ വൻസുധാ-
സരസ്സിലെ സൗമ്യ സായൂജ്യ സാധകം!

മെഴുകുപോലാദ്രമുരുകുന്ന മാനസം
അഴകു പുൽകുന്ന ഭാവരൂപങ്ങളായ്
ഉലകിലാത്മ ദലങ്ങൾ വിടർത്തിയീ
മനുജ ജന്മമീപൂർവ്വമാം വിസ്മയം!

കനവിലൂറുന്ന കാരുണ്യ കാന്തിയിൽ
നിനവു പെയ്യിച്ചു സ്നേഹ തരംഗിണി
സുതല സൗഭഗ ശാന്തി തീരങ്ങളിൽ
കുളിരൊഴുക്കിയീ ഗന്ധർവ്വ പൂരുഷൻ!

ഇരവിലാണതിൻ ചിറകു വീശുന്നതും
ഇരുളിണൻപുമിഴികൾ പെയ്യുന്നതും
പൊരുളു പുൽകുന്ന ചിന്തയിൽ പുണ്യമാം
പവനലാളനം നീളുന്നു നിത്യമായ്!

അരികെ നിൽക്കുന്നു ദേവകൾ, പ്രജ്ഞയിൽ
തിരികൊളുത്തുന്നതും സത്യം നിതാന്തമായ്
പരമ പാവനം താവകം ജന്മമീ
സ്വരിത കാന്തിയിൽ നീളട്ടെ ശാന്തിയായ് !

അറുതിയില്ലാറുനൂറുകൾ പോകിലും
കുറുകിടില്ലാ യശോഫലം ഭാവുകം
സുഗമ സോമ വ്യോമങ്ങളിൽ പൗർണ്ണമി
പൊലിമ തൂകൂ, ഭവാൻ രാജഹംസമായ്!